ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 21.06.2026**

1. ആരോഗ്യകരമായ വാർധക്യത്തിന് യോഗ എന്ന പ്രമേയത്തിൽ ഇന്ന് 12-ാമത് അന്താരാഷ്ട്ര യോഗ ദിനം; രാജ്യത്തെ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സംസ്ഥാനമെമ്പാടും വിപുലമായ യോഗ ദിന പരിപാടികൾ; ആരോഗ്യമുള്ള തലമുറക്ക് വ്യായാമം അത്യാവശ്യമാണെന്ന് മന്ത്രി കെ.മുരളീധരൻ.

3. ഇന്ത്യൻ നാവികസേനയുടെ മൂന്നു തദ്ദേശ നിർമിത കപ്പലുകൾ രാഷ്ട്രത്തിന് സമർപ്പിച്ച് പ്രധാനമന്ത്രി.

4. നീറ്റ്-യുജി പുനഃപരീക്ഷ ഇന്ന് ഉച്ചയ്ക്ക്; കനത്ത സുരക്ഷയിൽ പരീക്ഷാ കേന്ദ്രങ്ങൾ; സി ബി എസ് ഇ പുനർമൂല്യ നിർണയ ഫലം ഉടൻ പ്രഖ്യാപിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി.

5. പകർച്ച വ്യാധി പ്രതിരോധം ലക്ഷ്യമിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് തുടക്കം.

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ സ്പെയിൻ - സൗദി അറേബ്യയെയും, ബെൽജിയം - ഇറാനെയും നേരിടും.

*****************************************

RNU TVPM

## യോഗ-പ്രധാനമന്ത്രി

പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗ ദിനം ഇന്ന് ലോകമെമ്പാടും വിപുലമായി ആഘോഷിക്കുന്നു. **ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ** എന്നതാണ് ഈ വർഷത്തെ പ്രമേയം. കൊൽക്കത്തയിലെ ചരിത്രപ്രസിദ്ധമായ റെഡ് റോഡിൽ നടന്ന പ്രധാന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയതല ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. ആയിരക്കണക്കിന് യോഗ പരിശീലകർക്കൊപ്പം പ്രധാനമന്ത്രിയും പങ്കുചേർന്നു. യോഗ കേവലം ഒരു ശാരീരിക വ്യായാമം മാത്രമല്ലെന്നും, അത് മനുഷ്യചൈതന്യത്തിന്റെ ആവിഷ്കാരമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

*********************************

## രാഷ്ട്രപതി- യോഗ

ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തിന്റെ ആഘോഷമാണ് യോഗയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഒരു വ്യക്തിയെ തന്നിലേക്കും സമൂഹത്തെ പ്രകൃതിയോടും, മനുഷ്യരാശിയെ ആഗോള ബോധത്തോടും ബന്ധിപ്പിക്കുന്ന ശക്തമായ മാധ്യമമാണ് യോഗയെന്നും രാഷ്ട്രപതി പറഞ്ഞു. മധ്യപ്രദേശിലെ ജബൽപൂരിൽ സംഘടിപ്പിച്ച യോഗ ദിന സംസ്ഥാനതല ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ. എല്ലാ പൗരന്മാരും യോഗ ജീവിതത്തിന്റെ ഭാഗമാക്കണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു.

*********************************

## യോഗ (ഇൻട്രോ)

രാജ്യമെമ്പാടും ഇന്ന് വിപുലമായ യോഗ ദിനാഘോഷങ്ങൾ നടന്നു.

RNUTVPM

**ഒരു റിപ്പോർട്ട്......**

*(വോയിസ്)*

*രാജ്യതലസ്ഥാനമായ ന്യൂഡൽഹിയിലെ നെഹ്റു പാർക്കിൽ കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കറുടെ നേതൃത്വത്തിലാണ് യോഗ പരിശീലനം നടന്നത്. ഇന്ത്യയിലെ നോർവേ അംബാസ്സഡറും കേന്ദ്രമന്ത്രിയോടൊപ്പം ചടങ്ങിൽ പങ്കെടുത്തു. ശാന്തി പഥിൽ നടന്ന അഭ്യാസപ്രകടനത്തിനു നേതൃത്വം നൽകിയത് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡയാണ്. യോഗയെ ആഗോളതലത്തിലേക്ക് ഉയർത്തിയ പ്രധാനമന്ത്രി രാജ്യത്തിന് മഹത്തായ സേവനമാണ് നൽകിയതെന്ന് ശ്രീ നഡ്ഡ പറഞ്ഞു. കേന്ദ്രമന്ത്രിമാരായ മൻസൂഖ് മാണ്ഡവ്യ, ധർമേന്ദ്ര പ്രധാൻ എന്നിവരും ഡൽഹിയിലാണ് യോഗ ദിനം ആഘോഷിച്ചത്. മധ്യപ്രദേശിൽ ഭോപ്പാലിലാണ് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ യോഗ ദിനം ആഘോഷിച്ചത്. കേന്ദ്രമന്ത്രി അമിത് ഷായാണ് അഹമ്മദാബാദിലെ യോഗ പരിശീലനപരിപാടിക്ക് നേതൃത്വം നൽകിയത്. ഇന്ത്യയ്ക്ക് പുറമെ അമേരിക്ക, കാനഡ, ബ്രസീൽ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലും വിപുലമായ യോഗ ദിനാഘോഷങ്ങൾ നടന്നു.*
*ന്യൂസ്ഡെസ്ക് ആകാശവാണി*

RAJU TVPM

**********************************

**യോഗ-കേരളം**

ആരോഗ്യമുള്ള തലമുറക്ക് വ്യായാമം അത്യാവശ്യമാണെന്ന് ആരോഗ്യ മന്ത്രി കെ.മുരളീധരൻ. തിരുവനന്തപുരത്ത് അന്താരാഷ്ട്ര യോഗാ ദിനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരും ആയുഷ് വകുപ്പും സംയുക്തമായി സംഘടിപ്പിച്ച പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. യോഗ ദൈനംദിന

ജീവിതചര്യയുടെ ഭാഗമാക്കണമെന്നും അദ്ദേഹം പറഞ്ഞു. ലോക്ഭവനിലും യോഗ ദിന പരിപാടി സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും യോഗ ദിന പരിപാടി നടന്നു. കോഴിക്കോട് ജില്ലാതല ഉദ്ഘാടനം പ്രൊവിഡൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കെ ജയന്ത് എം.എൽ.എ നിർവഹിച്ചു.

********************************

## യോഗ അധ്യാപകൻ (ഇൻട്രോ)

ആരോഗ്യ പൂർണമായ ജീവിതത്തിന് യോഗ നമ്മുടെ ദിനചര്യയുടെ ഭാഗമാക്കുന്നതിനെ കുറിച്ച് പട്ടം ഏക യോഗ വിദ്യ കേന്ദ്രത്തിലെ സ്ഥാപകനും സെർട്ടിഫൈഡ് യോഗ അധ്യാപകനുമായ **അഖിൽ രാജ് ആകാശവാണി വാർത്തകളോട്.....**

(വോയിസ്...)

********************************

## കീർത്തിവർധൻ സിംഗ്-ലക്ഷദ്വീപ്

ലക്ഷദ്വീപിലെ അഗത്തി ദ്വീപിൽ സംഘടിപ്പിച്ച യോഗ ദിനാഘോഷങ്ങളിൽ കേന്ദ്ര സഹമന്ത്രി കീർത്തിവർദ്ധൻ സിംഗ് പങ്കെടുത്തു. സ്കൂൾ കുട്ടികൾ, പ്രദേശവാസികൾ, ഉദ്യോഗസ്ഥർ എന്നിവർക്കൊപ്പം അദ്ദേഹം പൊതു യോഗ അഭ്യാസങ്ങളിൽ പങ്കാളിയായി. യോഗ പ്രായത്തിനും പശ്ചാത്തലങ്ങൾക്കും അതിരുകൾക്കും അതീതമാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ദേശീയ ആയുഷ് മിഷൻ ലക്ഷദ്വീപ് ഘടകത്തിന്റെ ആഭിമുഖ്യത്തിൽ മറ്റു ദ്വീപുകളിലും യോഗ പരിപാടികൾ സംഘടിപ്പിച്ചു.

********************************

RNUTVPM

## നീറ്റ്-യുജി പുനഃപരീക്ഷ

നീറ്റ്-യുജി പുനഃപരീക്ഷ ഇന്ന് നടക്കും. ഇന്ത്യയിലെ 551 നഗരങ്ങളിലും വിദേശത്തെ 14 നഗരങ്ങളിലുമായി 22.79 ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് ഇന്ന് പരീക്ഷ എഴുതുന്നത്. ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5:15 വരെയാണ് പരീക്ഷ. പരീക്ഷ സുതാര്യവും സുഗമവുമായി നടത്തുന്നതിന് ആവശ്യമായ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി എൻടിഎ അറിയിച്ചു.

*********************************

## ധർമ്മേന്ദ്ര പ്രധാൻ

ഇന്ന് നടക്കുന്ന നീറ്റ്-യുജി പുനഃപരീക്ഷയെ യാതൊരുവിധ ഭയവുമില്ലാതെ അഭിമുഖീകരിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരീക്ഷ സുഗമമായി നടത്തുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ടെന്നും അദ്ദേഹം ഉറപ്പുനൽകി. അതേസമയം സിബിഎസ്ഇ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ നടപടികൾ പൂർത്തിയായി വരികയാണെന്നും ശേഷിക്കുന്ന ഫലങ്ങൾ ഉടൻ പ്രഖ്യാപിക്കുമെന്നും വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

RNU TVPM

*********************************

## പിഎം നാവിക സേന (ഇൻട്രോ)

തദ്ദേശീയമായി നിർമ്മിച്ച മൂന്ന് ഇന്ത്യൻ നാവികസേന പ്ലാറ്റ്ഫോമുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കമ്മീഷൻ ചെയ്യും. ഐഎൻഎസ് ദുനഗിരി, ഐഎൻഎസ് സൻഷോധക്, ഐഎൻഎസ് അഗ്രേ എന്നീ

പ്ലാറ്റുഫോമുകളാണ് അദ്ദേഹം കൊല്ലത്തയിൽ നടന്ന ചടങ്ങിൽ കമ്മീഷൻ ചെയ്യത്. 21 ആം നൂറ്റാണ്ടിൽ രാജ്യം സ്വന്തം കഴിവിനെ വിശ്വസിച്ച് വികസനത്തിന്റെ പാതയിൽ അതിവേഗം മുന്നേറുന്നതിന്റെ ഉദാഹരണമാണ് നേവി വാർഷിപ് ഡിസൈൻ ബ്യുറോ രൂപകൽപ്പന ചെയ്ത ഈ കപ്പലുകൽ എന്ന് അദ്ദേഹം അഭിപ്രായപെട്ടു.

(വോയിസ്...)

*********************************

## നവ ഭാരത സദസ്സ് - സുരേഷ് ഗോപി

കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ 12 വർഷത്തെ വികസന നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി സംഘടിപ്പിക്കുന്ന 'നവ ഭാരത സദസ്സ്' വികസിത ഭാരത കൺവെൻഷൻ കോട്ടയത്ത് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. സർക്കാരിന്റെ വികസന നേട്ടങ്ങളും വിവിധ പദ്ധതികളും അദ്ദേഹം സംസാരിച്ചു.

RNUTVPM

*********************************

## സ്വച്ഛത

സംസ്ഥാനത്ത് പകർച്ച വ്യാധി പടരുന്നത് തടയാൻ സമഗ്ര പദ്ധതിയുമായി ആരോഗ്യ വകുപ്പ്. വെള്ളിയാഴ്ച സ്കൂളുകളിലും ശനിയാഴ്ച ഓഫിസുകളിലും ഞായറാഴ്ച വീടുകളിലും ഡ്രൈ ഡേ ആയി ആചരിക്കണമെന്ന് ആഹ്വാനം ചെയ്ത് ആരോഗ്യ മന്ത്രി കെ മുരളീധരൻ. വീടുവീടാന്തരം ആരോഗ്യ ഉദ്യോഗസ്ഥർ പദ്ധതിയുടെ ലക്ഷ്യങ്ങളെ കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ശുചിത്വ പ്രവർത്തനങ്ങളിൽ ഹൈ പവർ കമ്മിറ്റീയുടെ ശിപാർശകൾ നാളെ ലഭിക്കുന്ന പ്രാഥമിക

റിപ്പോർട്ട് പ്രകാരം യുദ്ധ കാല അടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്ന് മന്ത്രി അറിയിച്ചു. വീടുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു.

*********************************

## സെൻസസ്-കേരളം

സെൻസസ് 2027ന്റെ ഭാഗമായി സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. തിരുവനന്തപുരത്തെ വസതിയിൽ ജില്ലാ കളക്ടർ അനുകുമാരിയുടെ സാന്നിധ്യത്തിലാണ് അദ്ദേഹം വിവരങ്ങൾ സ്വയം പൂരിപ്പിച്ചത്. സെൻസസുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടലിൽ സ്വയം വിവരങ്ങൾ സമർപ്പിക്കാം. ഈ മാസം 30 വരെയാണ് ഇതിന് അവസരം.

RNU TVPM

*********************************

## കാസർഗോഡ് (ഇൻട്രോ)

ദേശീയപാത 66 ഇൽ കാസർകോട് ചൗക്കിക്കും വിദ്യാനഗറിനുമിടയിൽ നുള്ളിപ്പാടിയിൽ പുതിയ എൻട്രി പോയിന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾക്ക് വേഗം കൂട്ടി ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ. ഗതാഗതക്കുരുക്കിന് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനായാണ് നടപടി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.....**

(വോയിസ്)

*********************************

## ഫിഫ

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് നടന്ന ഇ ഗ്രൂപ്പ് മത്സരത്തിൽ ജർമ്മനി ഐവറി കോസ്റ്റിനെ പരാജയപ്പെടുത്തി. കളിച്ച രണ്ടു കളികളിലും തകർപ്പൻ വിജയവുമായി ഗ്രൂപ്പിൽ ഒന്നാമതാണ് ജർമ്മനി. അതേസമയം, ഇക്വഡോർ - കുറസാവോ മത്സരം ഗോൾരഹിത സമനിലയിൽ അവസാനിച്ചു. എഫ് ഗ്രൂപ്പിൽ ജപ്പാൻ എതിരില്ലാത്ത നാലു ഗോളുകൾക്ക് ടുനീഷ്യയെ പരാജയപ്പെടുത്തി. ഇന്ന് രാത്രി 09.30 ന് നടക്കുന്ന മത്സരത്തിൽ സ്പെയിൻ - സൗദി അറേബ്യയെയും അർധരാത്രി 12.30 ന് ബെൽജിയം - ഇറാനെയും നേരിടും.

*

**************

*****************************************************

RNU TVPM